# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025–2026

## ജി എൽ പി എസ് ഹൊസബെട്ടു

# ആമുഖം

അജ്ഞതയുടെ നിഴലിനെ വകഞ്ഞുമാറ്റി അറിവിൻറെ പ്രകാശം പരത്തുന്ന മാസ്മരിക വിദ്യയാണ് വിദ്യാഭ്യാസം. കേവലം പാഠഭാഗങ്ങൾ പഠിക്കൽ അല്ല മറിച്ച് ജീവിതം പഠിക്കലാണ് വിദ്യാഭ്യാസം എന്ന ആശയവുമായി GLPS Hosabettu 1921 ൽ സ്ഥാപിതമായി. മഞ്ചേശ്വരം സബ് ജില്ലയിലെ ഹൊസബെട്ടു കടപ്പുറത്താണ് സ്ഥാപിക്കപ്പെട്ടത് പുല്ലുമേഞ്ഞ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച് 1941ൽ മഞ്ചേശ്വരം സബ് രജിസ്ട്രാർ ഓഫീസിന് കിഴക്കുഭാഗത്തായി പുതിയ കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. ആ കെട്ടിടം ഇപ്പോഴും നിലവിലുണ്ട്. കന്നഡ/മലയാളം മീഡിയങ്ങളിലായാണ് ഇവിടെ അധ്യയനം നടക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളാണ് ഇവിടെ പഠനം നടത്തുന്നത്.

197, 1983 എന്നീ വർഷങ്ങളിൽ പുതിയ കെട്ടിടങ്ങൾ നിർമിച്ചു 1997 ൽ DPEP കെട്ടിടം നിർമ്മിക്കപ്പെടുകയും ചെയ്തു. പഞ്ചായത്തിന്റെ വകയായി അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഒരു പാചകപ്പുരയും ഓപ്പൺ ഓഡിറ്റോറിയവും നിലവിലുണ്ട്.

## ലക്ഷ്യങ്ങൾ

- ☑ ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- ☑ മുഴുവൻ സമയവും കുട്ടികളോടൊപ്പം അധ്യാപകർ ഉണ്ടെന്ന് ഉറപ്പുവരുത്തുക.
- ☑ പഠന വിഷയങ്ങളിൽ ആശയ ദൃഢത ഉണ്ടാക്കുക.
- ☑ കണക്ക് ഐടി വിഷയങ്ങളിൽ ധാരണയും കഴിവും ഉണ്ടാക്കുക.
- ☑ പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആർജ്ജവവും കൈവരിക്കുക.
- ☑ സാമൂഹ്യബോധം പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കുക സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കുക.
- ☑ ഓരോ കുട്ടിയും മാതൃഭാഷ ഇംഗ്ലീഷ് എന്നിവയിൽ ആശയവിനിമയ ശേഷി നേടുക.
- ☑ പിന്നോക്ക പ്രവർത്തനങ്ങളോടൊപ്പം തന്നെ മുന്നോക്ക കുട്ടികൾക്കുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ☑ ഒന്ന് മുതൽ 4 ക്ലാസുകളിൽ പ്രതീക്ഷിത ധാരണശേഷി ഉറപ്പുവരുത്തുക.
- ☑ എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുക.
- ☑ ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കുക.
- ☑ വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
- ☑ തുടർച്ചയായും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയ വിലയിരുത്തലിന്റെ ഭാഗമാക്കുക.
- ☑ പഠനത്തെ പരിസരബന്ധിതവും ജീവിതഗന്ധിയും ആക്കുന്നതിന് ക്യാമ്പസ് തന്നെ ഒരുപാട് പുസ്തകം ആക്കുക.
- ☑ CWSN കുട്ടികൾ ഉൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക.

| നിലവിലുള്ള അവസ്ഥ | | |
|---|---|---|
| വിഭാഗം | എണ്ണം | സ്ഥിരം ജീവനക്കാർ |
| ഹെഡ്മിസ്ട്രസ് | 1 | 1 |
| PD Teacher/LPST | 4 | 4 |
| LPST Kannada | 3 | 3 |
| F T Arabic | 1 | 1 |
| P T.C.M | 1 | 1 |

സംസ്ഥാന സർക്കാറിന്റെ എല്ലാവിധ കോഴ്സുകളിലും പങ്കെടുക്കുന്നവരാണ് അധ്യാപകർ ഓരോ ആഴ്ചയിലും എസ് ആർ ജിയും ചുരുങ്ങിയത് രണ്ടുമാസത്തിലൊരിക്കൽ സി പി ടി എയും വിളിച്ചുചേർത്ത് കുട്ടികളുടെ പഠനനിലവാരം പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്തു പരിഹരിക്കാറുണ്ട്.

**<u>പ്രശ്നങ്ങൾ</u>**

പരിമിതമായ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സ്കൂൾ കെട്ടിടങ്ങൾ കാരണം പ്രത്യേകം ക്ലാസ് മുറികൾ നമുക്കില്ല കുട്ടികളുടെ കായിക മാനസികാരോഗ്യം പുഷ്ടിപ്പെടുത്താൻ ഒരു കളി സ്ഥല വും നമുക്കില്ല ഉള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കുട്ടികളെ മികവിലേക്ക് നയിക്കാൻ ശ്രമിക്കുന്നുണ്ട്.

**നേട്ടങ്ങൾ**

☞ എല്ലാവർഷവും നടക്കുന്ന കലാകായിക പ്രവർത്തി പരിചയമേളകളിൽ മികച്ച മുന്നേറ്റം നടത്താൻ സാധിച്ചിട്ടുണ്ട്.

☞ വിവിധ ക്വിസ് മത്സരങ്ങൾ ശില്പശാലകൾ വിദ്യാരംഗം വിജ്ഞാനോത്സവം എന്നിവയിലും മാറ്റ് തെളിയിക്കുവാനും ഈ വിദ്യാലയത്തിന് ആയിട്ടുണ്ട് പരിമിതികൾ ഏറെയുണ്ടെങ്കിലും പകിട്ടൊന്നും കുറയാതെ വിജ്ഞാനപൂർണമായ വൈവിധ്യങ്ങൾ തേടിയുള്ള പഠനയാത്രയും നമ്മൾ നടത്തിയിട്ടുണ്ട്.

**<u>വിവിധ സംവിധാനങ്ങൾ</u>**

വിദ്യാലയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ

**എസ് എസ് ജി** : പരിമിതമായ S.S.G സംവിധാനങ്ങളാണുള്ളത്.

**എസ് പി ജി** : സ്കൂളും പരിസരവും ലഹരി വിമുക്തമാക്കാൻ പ്രവർത്തിക്കുന്നു.

**<u>പി ടി എ</u>**

തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ പാവപ്പെട്ട കുട്ടികൾ മാത്രം ഈ സ്കൂളിനെ ആശ്രയിക്കുന്നു സജീവമായ ഒരു പിടിഎ സംവിധാനം ഈ സ്കൂളിൽ ഇല്ല പണി തിരക്ക് (മത്സ്യബന്ധനം) കാരണം യോഗങ്ങളിൽ പുരുഷസാന്നിധ്യം എന്നും കുറവാണ്. സമീപപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ മറ്റു സ്കൂളുകൾ എന്നിവയിലേക്കുള്ള പ്രവേശനം കുട്ടികൾ കുറയാൻ ഇടവരുത്തുന്നു.

## ഗണിതം

| | | |
|---|---|---|
| സംഖ്യാബോധം<br>സംഖ്യ വ്യാഖ്യാനം<br><br>ജ്യാമിതീയ രൂപങ്ങൾ<br><br>സങ്കലന വ്യവകലന ക്രിയകളിൽ കുട്ടികളെ പ്രാപ്തരാക്കുക<br><br>ഗുണന വസ്തുതകൾ<br><br>ഹരണം | സംഖ്യാ കാർഡുകൾ/സംഖ്യാ ഗാനം/ ഗണിതകേളികൾ/സാൻഡ് പേപ്പർ റൈറ്റിംഗ്/ICT<br><br>ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ/ ഈർക്കിൽ രൂപങ്ങൾ/കടലാസ് രൂപങ്ങൾ നിർമ്മിക്കൽ ജ്യാമിതീയ പാറ്റേൺ<br><br>മനക്കണക്കുകൾ/പ്രായോഗിക പ്രശ്നങ്ങൾ ICT<br><br>ഗണിത ഗെയിം/ചാർട്ട്/പാട്ട്/ പ്രായോഗിക പ്രശ്നങ്ങൾ/ICT<br><br>ICT വിഭവങ്ങൾ/നിത്യജീവിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | JUNE - JULY<br><br>ആഗസ്റ്റ്/ സെപ്റ്റംബർ<br><br>December/ January<br><br>February |

## പരിസര പഠനം

| | | |
|---|---|---|
| വ്യക്തി ശുചിത്വം<br><br>നല്ല ആഹാര ശീലങ്ങൾ<br><br>ജലസ്രോതസ്സുകൾ സന്ദർശനം<br>ആവാസവ്യവസ്ഥ | ഹരിത വിദ്യാലയം/പരിസ്ഥിതി ദിനാചരണങ്ങൾ/പരിസര ശുചീകരണം/ സസ്യങ്ങൾ നട്ടു വളർത്തൽ/പോസ്റ്റർ നിർമ്മാണം<br><br>ഡോക്ടർമാരുടെ ക്ലാസ്<br><br>പോസ്റ്റർ പ്രദർശനം/മുദ്രാവാക്യം നിർമ്മാണം/ICT ബോധവൽക്കരണം<br><br>സന്ദർശനം പുഴ/തോട്/വയൽ പ്രാധാന്യം വിശദീകരിക്കൽ/Field trip/ ICT/ചർച്ച | |
| കൃഷി പ്രോത്സാഹിപ്പിക്കൽ<br><br>ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ | സ്കൂളിൽ പച്ചക്കറിത്തോട്ടം/ കൃഷിഭവൻ സന്ദർശനം/ക്ലാസുകൾ സംഘടിപ്പിക്കാൻ<br><br>വിവിധ ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ/പ്രദർശനം<br><br>മികച്ച പ്രവർത്തനങ്ങൾ പഠനോത്സവത്തിൽ പ്രദർശിപ്പിക്കൽ/ കോർണർ പിടിഎ | |

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| അടിസ്ഥാനശേഷി വികസനം<br><br>എല്ലാ കുട്ടികൾക്കും അർത്ഥം ഗ്രഹിച്ചു വായിക്കുവാനും എഴുതുവാൻ ഉള്ള ശേഷി<br><br>പാഠഭാഗവുമായുള്ള കലകൾ തിരിച്ചറിയൽ | Pre-Test<br><br>കഥകളും കുട്ടിപ്പാട്ടുകളും മുന്നൊരുക്കം. അക്ഷര കാർഡുകൾ ഉപയോഗിച്ച് പദനിർമ്മാണം, പദകേളികൾ, ചിത്രവായന, വായനാ വാരാചരണം /പുസ്തക പ്രദർശനം / പുസ്തക പരിചയം / ലൈബ്രറി സന്ദർശനം / വായനക്കുറിപ്പാക്കൽ സ്വന്തമായി കുട്ടിക്കവിത /കഥ രചിക്കൽ ICT/വായനാ മൂല | JUNE - JULY | |
| **ENGLISH** | | | |
| To study alphabets<br>To study right and read simple words<br>Create more classroom activities for English speaking | Pre-Test<br><br>Write simple words using word cards picture cards etc.<br><br>Identifying the objects and sounds and describing them. Classroom communication in English.<br><br>English assembly/Role play/ conversation Drawing pictures/ writing. | | |